09.03.25 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 20-03-04

# ഈ വർഷം വിശേഷിച്ചും ജീവന്മുക്തി വർഷത്തിന്റെ രൂപത്തിൽ ആഘോഷിക്കൂ ഏകതയിലൂടെയും ഏകാഗ്രതയിലൂടെയും ബാബയെ പ്രത്യക്ഷപ്പെടുത്തൂ.

ഇന്ന് സ്നേഹസാഗരൻ നാനാവശത്തെയും സ്നേഹി കുട്ടികളെയാണ് കണ്ടുകൊണ്ടിരിക്കുന്നത്. ബാബയ്ക്കും കുട്ടികളോട് ഹൃദയത്തിൽ നിന്നുമുള്ള അവിനാശി സ്നേഹമുണ്ട്. ഈ പരമാത്മാ സ്നേഹം ഹൃദയത്തിൽ നിന്നുമുള്ള സ്നേഹം കേവലം ബാബയ്ക്കും ബ്രാഹ്മണ കുട്ടികൾക്കും മാത്രമേ അറിയൂ. പരമാത്മാ സ്നേഹത്തിനു അർഹരാകുന്നത് കേവലം താങ്കൾ ബ്രാഹ്മണാത്മാക്കൾ മാത്രമാണ്. ഭക്തർ പരമാത്മാ സ്നേഹത്തിനായി ദാഹിക്കുകയാണ്. വിളിക്കുകയാണ്. താങ്കൾ ഭാഗ്യശാലികളായ ബ്രാഹ്മണാത്മാക്കൾ ആ സ്നേഹത്തിന്റെ പ്രാപ്തിക്ക് അർഹരാണ്. എന്തുകൊണ്ടാണ് കുട്ടികൾക്ക് വിശേഷ സ്നേഹമുള്ളതെന്ന് ബാപ്ദാദയ്ക്ക് അറിയാം. എന്തുകൊണ്ടെന്നാൽ ഈ സമയത്താണ് സർവ്വ ഖജനാക്കളുടെയും അധികാരിയിലൂടെ സർവ്വ ഖജനാക്കളും പ്രാപ്തമാകുന്നത്. ഈ ഖജനാക്കൾ കേവലം ഈയൊരു ജന്മത്തിലല്ല പ്രാപ്തമാകുന്നത്, അനേക ജന്മങ്ങൾ വരെയ്ക്കും ഈ അവിനാശി ഖജനാക്കൾ പ്രാപ്തമാണ്. താങ്കൾ ബ്രാഹ്മണാത്മാക്കൾക്ക് ലോകത്തിലെ മനുഷ്യരെ പോലെ വെറും കൈയ്യോടെ പോകാൻ സാധിക്കില്ല. സർവ്വ ഖജനാക്കളും നമ്മുടെ കൂടെയുണ്ടാകുന്നു. അപ്പോൾ ഇതുപോലെ അവിനാശി ഖജനാക്കൾ പ്രാപ്തമാക്കിയ ലഹരിയുണ്ടോ? എല്ലാ കുട്ടികളും അവിനാശി ഖജനാക്കൾ പ്രാപ്തമാക്കിയല്ലോ. സമ്പാദ്യത്തിന്റെ ലഹരി അഥവാ സന്തോഷം സദാ ഉണ്ടായിരിക്കും. ഓരോരുത്തരുടെയും മുഖത്ത് സമ്പാദ്യത്തിന്റെ തിളക്കം കാണപ്പെടുന്നു. ബാബയിലൂടെ ഏതെല്ലാം ഖജനാക്കളാണ് പ്രാപ്തമായതെന്ന് അറിയാമോ? തന്റെ സമ്പാദ്യത്തിന്റെ കണക്ക് പരിശോധിക്കാനറിയാമോ? ബാബ തന്റെ എല്ലാ മക്കൾക്കും ഓരോ ഖജനാക്കളും അളവറ്റ രീതിയിലാണ് നൽകുന്നത്. ചിലർക്ക് കുറവും ചിലർക്ക് കൂടുതലും നൽകുന്നില്ല. ഓരോ കുട്ടികളും അളവറ്റ അഖണ്ഡ അവിനാശി ഖജനാക്കളുടെ അധികാരിയാണ്. ബാലകനാവുക അർത്ഥം സർവ്വ ഖജനാക്കളുടെയും അധികാരിയാവുകയാണ്. അപ്പോൾ ബാപ്ദാദ എത്ര ഖജനാക്കളാണ് നൽകിയതെന്ന് എമർജ്ജ് ചെയ്യൂ.

ഏറ്റവും ആദ്യത്തെ ഖജനാവാണ് ജ്ഞാനധനം, എല്ലാവർക്കും ജ്ഞാന ധനം ലഭിച്ചല്ലോ? ലഭിച്ചോ അതോ ലഭിക്കണമോ? അതോ ലഭിച്ചിട്ടുണ്ട് എന്നാൽ കുറെ നഷ്ടപ്പെട്ടതാണോ? ജ്ഞാന ധനം അർത്ഥം വിവേകശാലിയായി ത്രികാലദർശിയായി ഓരോ കർമ്മവും ചെയ്യുകയാണ്. ജ്ഞാനികളായി മാറുക. മുഴുവൻ ജ്ഞാനത്തെയും മൂന്നുകാലങ്ങളുടെയും ജ്ഞാനത്തെ മനസ്സിലാക്കി ജ്ഞാന ധനത്തെ കാര്യത്തിൽ ഉപയോഗിക്കുക. ഈ ജ്ഞാനത്തിന്റെ ഖജനാക്കളെ പ്രത്യക്ഷ ജീവിതത്തിൽ ഓരോ കാര്യങ്ങളിൽ ഉപയോഗിക്കുന്നതിലൂടെ വിധിയലൂടെ സിദ്ധി ലഭിക്കുന്നു - ഇതിലൂടെ പല ബന്ധനങ്ങളിൽ നിന്നും മുക്തി-ജീവന്മുക്തിയും ലഭിക്കുന്നു. അനുഭവം ചെയ്യുന്നുണ്ടോ? അല്ലാതെ സത്യയുഗത്തിലല്ല ജീവന്മുക്തി ലഭിക്കുന്നത്. ഇപ്പോഴും സംഗമയുഗത്തിലെ ഈ ജീവിതത്തിൽ അനേക പരിധിയുള്ള ബന്ധനങ്ങളിൽ നിന്നും മുക്തി ലഭിക്കുന്നു. ജീവിത ബന്ധനം മുക്തമാകുന്നു. എത്ര ബന്ധനങ്ങളിൽ നിന്നാണ് മുക്തമായതെന്ന് അറിയാമല്ലോ? എത്ര പ്രകാരത്തിലുള്ള അയ്യോ-അയ്യോ എന്നതിൽ നിന്നാണ് മുക്തമായത്? ഇപ്പോൾ ആഹാ ആഹാ എന്ന പാട്ടാണ് പാടിക്കൊണ്ടിരിക്കുന്നത്. അഥവാ ഏതൊരു കാര്യത്തിലാണെങ്കിലും ലേശം പോലും സങ്കല്പത്തിലാണെങ്കിലും സ്വപ്നത്തിലാണെങ്കിലും അയ്യോ-അയ്യോ എന്ന് മനസ്സിൽ വരുന്നു എങ്കിൽ ജീവന്മുക്തമല്ല. ആഹാ ആഹാ ആഹാ അങ്ങനെയല്ലേ? മാതാക്കൾ അയ്യോ അയ്യോ എന്ന് പറയുന്നില്ലല്ലോ? ഇടയ്ക്കിടെ പറയുന്നുണ്ടോ? പാണ്ഡവർ പറയുന്നുണ്ടോ? വായിലൂടെ പറയുന്നില്ലെങ്കിലും മനസ്സിൽ സങ്കല്പത്തിലാണെങ്കിൽ പോലും അഥവാ ഏതെങ്കിലും കാര്യത്തിൽ അയ്യോ എന്ന് പറഞ്ഞു അർത്ഥം പറക്കാൻ സാധിക്കില്ല. അയ്യോ അർത്ഥം ബന്ധനമാണ്, ഫ്ളൈ അർത്ഥം പറക്കുക, പറക്കുന്ന കലയാണ് അതായത് ജീവന്മുക്തി ബന്ധന മുക്തം. അപ്പോൾ പരിശോധിക്കൂ, ഏതുവരെ ബ്രാഹ്മണാത്മാക്കൾ സ്വയം ബന്ധനമുക്തമല്ലയോ, ഏതെങ്കിലും വജ്രത്തിന്റെയോ സ്വർണ്ണത്തിന്റെയോ ചരടിൽ ബന്ധിക്കപ്പെട്ടിട്ടുണ്ടെങ്കിൽ സർവ്വാത്മാക്കൾക്കായുള്ള മുക്തിയുടെ വാതിൽ തുറക്കപ്പെടുകയില്ല. താങ്കൾ ബന്ധനമുക്തമാകുന്നതിലൂടെ സർവ്വാത്മാക്കൾക്കും മുക്തിയുടെ വാതിൽ തുറക്കപ്പെടുന്നു. അപ്പോൾ മുക്തിയുടെ വാതിൽ തുറക്കുവാൻ സർവ്വാത്മാക്കളെയും ദുഃഖത്തിൽ നിന്നും അശാന്തിയിൽ നിന്നും മുക്തമാക്കുവാനുള്ള ഉത്തരവാദിത്തം താങ്കൾക്കുള്ളതാണ്.

അപ്പോൾ പരിശോധിക്കൂ - തന്റെ ഉത്തരവാദിത്തം എത്രത്തോളം നിറവേറ്റിയിട്ടുണ്ട്? താങ്കളെല്ലാവരും ബാപ്ദാദയോടൊപ്പം വിശ്വപരിവർത്തനത്തിന്റെ കരാറ് ഏറ്റെടുത്തിട്ടുണ്ട്. കരാർ ഏറ്റെടുത്തിട്ടില്ലേ, ഉത്തരവാദിത്വമുണ്ടല്ലോ? അഥവാ ബാബ ആഗ്രഹിക്കുന്നു എങ്കിൽ സർവ്വതും ചെയ്യാൻ സാധിക്കുന്നു. എന്നാൽ ബാബയ്ക്ക് മക്കളോട് സ്നേഹമുണ്ട്, ഒറ്റയ്ക്ക് ചെയ്യാൻ ആഗ്രഹിക്കുന്നില്ല, ബാബ

അവതരിക്കപ്പെട്ടതോടെ താങ്കൾ കുട്ടികളും ഒരുമിച്ച് അവതരിച്ചതാണ്. ശിവരാത്രി ആഘോഷിച്ചതല്ലേ. ആരുടെയാണ് ആഘോഷിച്ചത്? കേവലം ബാപ്ദാദയുടെത് മാത്രമാണോ? താങ്കളെല്ലാവരുടെയും ആഘോഷിച്ചില്ലേ? ബാബയുടെ ആദി മുതൽ അന്തിമം വരെയുള്ള കൂട്ടുകാരാണ് താങ്കൾ. ഈ ലഹരിയുണ്ടോ? ബാബയുടെ ആദി മുതൽക്ക് അന്തിമം വരെയുള്ള കൂട്ടുകാരാണ് എന്ന ലഹരിയുണ്ടോ? ഭഗവാന്റെ കൂട്ടുകാരാണ്.

അപ്പോൾ ബാപ്ദാദ ഇപ്പോൾ ഈ സീസണിന്റെ അന്തിമത്തിൽ കുട്ടികളിൽ നിന്നും ആഗ്രഹിക്കുന്നത് എന്താണെന്ന് പറയട്ടെ? കേവലം കേൾക്കുകയല്ല, ചെയ്യുകയാണ് വേണ്ടത്. ശരിയല്ലേ ടീച്ചേഴ്സ്? ടീച്ചേഴ്സ് കൈകൾ ഉയർത്തൂ. ടീച്ചർമാർ ചൂടു കാരണം വിശറി കൊണ്ട് വീശുന്നു. ശരി, എല്ലാ ടീച്ചേഴ്സും ചെയ്യുകയും ചെയ്യിപ്പിക്കുകയും ചെയ്യുമല്ലോ? ശരി. കൈ വീശുന്നതിലൂടെ കാറ്റും ലഭിക്കുന്നു, കൈകളും ഇളകുന്നു. ദൃശ്യം വളരെ സുന്ദരമായി തോന്നുന്നു. വളരെ നല്ലത്. അപ്പോൾ ബാപ്ദാദ ഈ സീസണിലെ സമാപ്തി ആഘോഷത്തിൽ ഒരു പുതിയ പ്രകാരത്തിലുള്ള ദീപാവലി ആഘോഷിക്കുവാൻ ആഗ്രഹിക്കുന്നു. മനസ്സിലായോ? പുതിയ പ്രകാരത്തിലുള്ള ദീപാവലി ആഘോഷിക്കുവാൻ ആഗ്രഹിക്കുന്നു. താങ്കളെല്ലാവരും ദീപാവലി ആഘോഷിക്കുവാൻ തയ്യാറാണോ? തയ്യാറായവർ കൈകൾ ഉയർത്തൂ. വെറുതെ അതെ എന്ന് പറയരുത്. ബാപ്ദാദയെ സന്തോഷിപ്പിക്കുവാനായി കൈകൾ ഉയർത്തരുത്. ഹൃദയത്തിൽ നിന്നും ഉയർത്തണം. ശരി. ബാപ്ദാദ തന്റെ ഹൃദയത്തിൽ നിന്നുമുള്ള ആശകളെ സമ്പന്നമാക്കുന്ന തെളിഞ്ഞ ദീപങ്ങളെ കാണാൻ ആഗ്രഹിക്കുന്നു. ബാപ്ദാദയുടെ ആശാദീപങ്ങളുടെ ദീപാവലി കാണാനാണ് ആഗ്രഹിക്കുന്നത്. മനസ്സിലായോ ഏതൊരു ദീപാവലിയാണെന്ന്? സ്പഷ്ടമായോ?

അപ്പോൾ ബാപ്ദാദയുടെ ആശാദീപങ്ങൾ എന്തെല്ലാമാണ്? അടുത്ത വർഷം മുതൽക്ക് ഈ വർഷത്തെ സീസൺ പൂർത്തിയായി. ബാപ്ദാദയും പറഞ്ഞിരുന്നു, താങ്കളെല്ലാവരും സങ്കല്പം എടുത്തിരുന്നു, ഓർമ്മയുണ്ടോ? ചിലർ സങ്കല്പം എടുത്തതുവരെ മാത്രമെയുള്ളൂ, മറ്റു ചിലർ സങ്കല്പത്തെ പകുതി പൂർത്തീകരിച്ചു. ചിലർ ചിന്തിച്ചുകൊണ്ടിരിക്കുകയാണ്. ഏത് സങ്കല്പം? പുതിയ കാര്യമല്ല, പഴയ കാര്യമാണ് – സ്വപരിവർത്തനത്തിലൂടെ വിശ്വ പരിവർത്തനം. വിശ്വത്തിന്റെ കാര്യം ഉപേക്ഷിക്കൂ, എന്നാൽ ബാപ്ദാദ കാണാൻ ആഗ്രഹിക്കുന്നത് സ്വപരിവർത്തനത്തിലൂടെ ബ്രാഹ്മണ പരിവാരത്തിന്റെ പരിവർത്തനമാണ്. ഇപ്പോൾ ഇത് കേൾക്കാൻ ആഗ്രഹിക്കുന്നില്ല, ഇങ്ങനെയാണെങ്കിൽ നല്ലത്, ഇവർ പരിവർത്തനപ്പെട്ടാൽ ഞാൻ പരിവർത്തനപ്പെടാം, ഇവർ ചെയ്താൽ ഞാൻ ചെയ്യാമെന്ന്... ബാബ കേൾക്കാൻ ആഗ്രഹിക്കുന്നില്ല. ഈ കാര്യത്തിൽ ഓരോ കുട്ടികളോടും ബ്രഹ്മാബാബ പറയുന്നതിനാണ് – എനിക്ക് സമാനം അർജ്ജുനനാകൂ. പരിവർത്തനത്തിന്റെ കാര്യത്തിൽ ആദ്യം ഞാൻ. ആദ്യം അവർ എന്നല്ല, ആദ്യം ഞാൻ. ഈ ഞാൻ എന്നത് മംഗളകാരിയാണ്. ബാക്കി പരിധിയുള്ള ഞാൻ എന്ന ഭാവം താഴേക്ക് വീഴ്ത്തുന്നതാണ്. ഇങ്ങനെ പറയാറുണ്ടല്ലോ – ചെയ്യുന്നവനാണ് അർജുനൻ. അർജുനൻ അർത്ഥം നമ്പർവൺ. നമ്പർവൈസല്ല. നമ്പർവൺ. അപ്പോൾ താങ്കൾ രണ്ടാം നമ്പറിലാണോ വരാൻ ആഗ്രഹിക്കുന്നത്, അതോ നമ്പർവണ്ണാണോ? പല കാര്യങ്ങളിലും ബാപ്ദാദ കണ്ടു – ചിരിക്കാനുള്ള ഒരു കാര്യമാണ്, പരിവാരത്തിലെ കാര്യമാണ് കേൾപ്പിക്കുന്നത്. പരിവാരം ഇവിടെയുണ്ടല്ലോ. ചില കാര്യങ്ങളുടെ വാർത്തകൾ ബാപ്ദാദയുടെ പക്കൽ വരാറുണ്ട്. വിശേഷാത്മാക്കൾ നിമിത്തമാകുന്ന ചില പരിപാടികളുണ്ടല്ലോ.. അപ്പോൾ ബാപ്ദാദയുടെ പക്കൽ ദാദിമാരുടെ പക്കൽ വാർത്തകൾ വരാറുണ്ട്. സാകാരത്തിൽ നിമിത്തം ദാദിമാരാണല്ലോ. ബാപ്ദാദയുടെ പക്കൽ സങ്കല്പങ്ങൾ എത്തുന്നുണ്ട്. എന്ത് സങ്കല്പങ്ങളാണ് എത്തിച്ചേരുന്നത്? എന്റെ പേരും ഇതിൽ വരണം. എനിക്കെന്താ കുറവ്. എന്തുകൊണ്ട് എന്റെ പേര് വരുന്നില്ല. അപ്പോൾ ബാബ പറയുന്നു – അല്ലയോ അർജുനാ എന്നതിൽ താങ്കളുടെ പേര് എന്തുകൊണ്ടില്ല. വേണ്ടതല്ലേ. അതോ വേണ്ടേ? മഹാരഥികളോട് ചോദിക്കുന്നു വേണ്ടതല്ലേ? അപ്പോൾ ബ്രഹ്മാബാബ എന്താണോ ചെയ്ത് കാണിച്ചത്, ബാബ ആരെയും നോക്കിയില്ലല്ലോ, ഇവർ ചെയ്തില്ല, അവർ ചെയ്തില്ല എന്നൊന്നും നോക്കിയില്ലല്ലോ... ആദ്യം ഞാൻ. ഈ ഞാൻ എന്നതിൽ ആദ്യം കേൾപ്പിച്ച പോലെ അനേക പ്രകാരത്തിലുള്ള രാജകീയ രൂപത്തിലുള്ള ഞാൻ ഉണ്ട്. അതെല്ലാം സമാപ്തമാക്കണം. ഈ സീസണിന്റെ സമാപ്തിയിലുള്ള ബാപ്ദാദയുടെ ആഗ്രഹമിതാണ്, ആരെല്ലാമാണോ സ്വയത്തെ ബ്രഹ്മാകുമാർ–കുമാരി എന്ന് പറയുന്നത്, അംഗീകരിക്കുന്നത്, അറിയുന്നത്, ഓരോ ബ്രാഹ്മണാത്മാവിലും സങ്കല്പത്തിൽ പോലുമുള്ള പരിധിയുള്ള ബന്ധനങ്ങളിൽ നിന്നും മുക്തമാകണം. ബ്രഹ്മാബാബയ്ക്ക് സമാനം ബന്ധനമുക്തം, ജീവന്മുക്തം. ബ്രാഹ്മണരുടെ ജീവന്മുക്തി സാധാരണ ജീവന്മുക്തിയല്ല. ഈ വിശേഷ വർഷം ബ്രാഹ്മണർ ശ്രേഷ്ഠ ജീവന്മുക്തി വർഷം ആചരിക്കണം. ഓരോ ആത്മാവിനും എത്രത്തോളം തന്റെ സൂക്ഷ്മ ബന്ധനങ്ങളെ കുറിച്ച് അറിയുന്നുവോ അത്രത്തോളം മറ്റുള്ളവർക്ക് അറിയില്ല. ബാപ്ദാദയ്ക്കറിയാം എന്തുകൊണ്ടെന്നാൽ ബാപ്ദാദയുടെ പക്കൽ ടിവി യുണ്ട്. മനസ്സിന്റെ ടി.വി. ശരീരത്തെ കാണുന്ന ടി.വി യല്ല. ഇനി അടുത്ത സീസണിൽ, ഇനി സീസൺ വേണ്ടേ അതോ ഒഴിവ് തരട്ടേ? ഒരു വർഷത്തെ ഒഴിവ് നൽകട്ടെ. ഒരു വർഷം അവധി നൽകട്ടേ, അതോ വേണ്ടേ? പാണ്ഡവർ പറയൂ ഒരു വർഷത്തെ അവധി നൽകട്ടെ... ദാദിജി

പറയുന്നു, മാസത്തിൽ 15 ദിവസത്തെ അവധിയുണ്ടല്ലോ.. നല്ലത്, വളരെ നല്ലത്. അവധി വേണ്ടെന്ന് ആരെല്ലാമാണോ പറയുന്നത് അവർ കൈകൾ ഉയർത്തൂ. അവധി വേണ്ടേ... വളരെ നല്ലത്. മുകളിൽ ഗാലറിയിലുള്ളവർ കൈകൾ വീശുന്നില്ലല്ലോ. (മുഴുവൻ സഭയിലുള്ളവരും കൈകൾ വീശി) വളരെ നല്ലത്. ബാബ എപ്പോഴും കുട്ടികളോട് ഹാംജി എന്നാണ് പറയുന്നത്. ഇപ്പോൾ ബാബയോട് കുട്ടികൾ എപ്പോഴാണ് ഹാംജി എന്ന് പറയുന്നത്. ബാബയെക്കൊണ്ട് ഹാംജി എന്ന് പറയിപ്പിച്ചല്ലോ, അപ്പോൾ ബാബ പറയുന്നു, ഞാനും ഒരു നിബന്ധന വെക്കുന്നു. നിബന്ധന എല്ലാവർക്കും അംഗീകാരമാണോ? എല്ലാവരും ഹാംജി എന്നു പറയൂ, പക്കാ. കുറച്ചെങ്കിലും വിട്ടുവീഴ്ച അരുത്. ഇപ്പോൾ എല്ലാവരുടെയും മുഖം ടിവി യിൽ കാണിക്കൂ. ശരി. ബാബയ്ക്ക് വളരെയധികം സന്തോഷമുണ്ട്, എല്ലാ കുട്ടികളും ഹാംജി, ഹാംജി എന്ന് പറയുന്നുണ്ടല്ലോ.

ബാപ്ദാദ ആഗ്രഹിക്കുന്നത് കാരണങ്ങളൊന്നും തന്നെ പറയരുത്. ഈ കാരണങ്ങൾ കൊണ്ടാണ് ബന്ധനം. സമസ്യയല്ല സമാധാനസ്വരൂപരായി മാറണം. കൂടെയുള്ളവരെയും ആക്കി മാറ്റണം. എന്തുകൊണ്ടെന്നാൽ സമയത്തിന്റെ അവസ്ഥകളെ കാണുന്നുണ്ടല്ലോ. ഭ്രഷ്ടാചാരത്തിന്റെ വാക്കുകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഭ്രഷ്ടാചാരവും അത്യാചാരവും വർദ്ധിക്കുന്നു. ശ്രേഷ്ഠാചാരത്തിന്റെ കൊടി ഓരോ ബ്രാഹ്മണരുടെ മനസ്സിലും പാറണം, അപ്പോൾ മാത്രമേ വിശ്വത്തിൽ പാറൂ. എത്ര ശിവരാത്രിയാണ് ആഘോഷിച്ചത്. ഓരോ ശിവരാത്രിയിലും വിശ്വത്തിൽ ബാബയുടെ കൊടി പാറിക്കുമെന്ന ഈ സങ്കല്പമെടുക്കുന്നു. വിശ്വത്തിൽ ഈ പ്രത്യക്ഷതയുടെ കൊടി പാറിക്കുന്നതിനു മുമ്പ് ഓരോ ബ്രാഹ്മണർക്കും തന്റെ മനസ്സിൽ അഥവാ ഹൃദയ സിംഹാസനത്തിൽ ബാബയുടെ കൊടി പാറിക്കണം. ഈ കൊടി പാറിക്കുന്നതിനായി വിശേഷിച്ചും രണ്ട് വാക്കുകൾ ഓരോ കർമ്മത്തിലും നിങ്ങൾ കൊണ്ടു വരണം. കർമ്മത്തിൽ കൊണ്ടു വരണം, സങ്കല്പം വരെയ്ക്കോ, ബുദ്ധി വരെയ്ക്കോ അല്ല. കർമ്മത്തിൽ, സംബന്ധസമ്പർക്കത്തിലേക്ക് കൊണ്ടു വരണം. ബുദ്ധിമുട്ടുള്ള വാക്കല്ല, സാധാരണ വാക്കാണ്. അതാണ് – സർവ്വ സംബന്ധസമ്പർക്കത്തിലും പരസ്പരം ഏകത. അനേക സംസ്കാരങ്ങളിലും അനേകതയിൽ ഏകത. രണ്ടാമത് – എന്തെല്ലാം ശ്രേഷ്ഠ സങ്കല്പങ്ങളാണോ വെക്കുന്നത്, ബാപ്ദാദയ്ക്ക് വളരെ നല്ലതായി തോന്നുന്നു, താങ്കൾ സങ്കല്പങ്ങൾ വെക്കുമ്പോൾ, ബാപ്ദാദയ്ക്ക് സങ്കല്പങ്ങൾ കണ്ട് കേട്ട് വളരെ സന്തോഷം തോന്നുന്നു. ആഹാ ആഹാ കുട്ടികളേ ആഹാ, ശ്രേഷ്ഠ സങ്കൽപങ്ങൾ ആഹാ. എന്നാൽ പക്ഷേ എന്നത് വരുന്നു. പക്ഷേ എന്നത് വരാൻ പാടില്ല എന്നാൽ വന്നു പോകുന്നു. 90% പേരുടെ സങ്കല്പങ്ങളും വളരെ നല്ലതാണ്. ബാപ്ദാദയും മനസ്സിലാക്കുന്നു, ഇന്ന് ഈ കുട്ടിയുടെ സങ്കല്പം വളരെ നല്ലതാണ് പുരോഗതിയുണ്ടാകുന്നുണ്ട്. എന്നാൽ വാക്കുകളിൽ പകുതിയിലും കുറച്ച് കുറവാകുന്നു. കർമ്മത്തിലേക്ക് വരുമ്പോഴേക്കും മുക്കാൽ ഭാഗവും കുറയുന്നു. കലർപ്പുണ്ടാകുന്നു. എന്താണ് കാരണം? സങ്കല്പത്തിൽ ഏതാഗ്രത അഥവാ ദൃഢത ഇല്ല. അഥവാ സങ്കല്പത്തിൽ ഏകാഗ്രതയുണ്ടെങ്കിൽ ഏകാഗ്രത സഫലതയുടെ സാധനയാണ്. ദൃഢത സഫലതയുടെ സാധനയാണ്. അതിലാണ് വ്യത്യാസമുണ്ടാകുന്നത്. കാരണമെന്താണ്? ബാപ്ദാദ റിസൾട്ടിൽ കണ്ട ഒരേയൊരു കാര്യമാണ്, മറ്റുള്ളവരെ കൂടുതൽ ശ്രദ്ധിക്കുന്നു. താങ്കൾ മറ്റുള്ളവരോട് പറയാറില്ലേ(ബാപ്ദാദ വിരൽ ചൂണ്ടി കാണിച്ചുക്കൊണ്ട് പറഞ്ഞു) ഒരു വിരൽ മറ്റുള്ളവരിലേക്കും ബാക്കി നാലു വിരലുകൾ അവനവനിലേക്കുമെന്ന് പറയാറില്ലേ. ഈ നാലു വിരലുകൾ ആരും ശ്രദ്ധിക്കാറില്ല. ഒന്നിനെ മാത്രമാണ് ശ്രദ്ധിക്കുക. അതുകൊണ്ടാണ് ദൃഢത, ഏകാഗ്രത, ഏകത എന്നിവ ഇളകുന്നത്. ഇവർ ചെയ്താൽ ഞാൻ ചെയ്യാം, ഇതിലാണ് അർജുനനായി മാറുന്നത്. അതായത് രണ്ടാം നമ്പറെടുക്കുന്നു. എന്നാൽ സ്ലോഗൻ പരിവർത്തനപ്പെടുത്താമല്ലോ – സ്വപരിവർത്തനത്തിലൂടെ വിശ്വ പരിവർത്തനമെന്നതിനു പകരം, വിശ്വ പരിവർത്തനത്തിലൂടെ സ്വപരിവർത്തനമെന്നു പറയാം. മറ്റുള്ളവരുടെ പരിവർത്തനത്തിലൂടെ സ്വപരിവർത്തനം. സ്ലോഗൻ പരിവർത്തനപ്പെടുത്തട്ടെ? അതോ വേണ്ടയോ? എന്നാൽ പിന്നെ ബാപ്ദാദയും ഒരു നിബന്ധന പറയട്ടെ, ഉറപ്പാണോ പറയട്ടെ? ബാപ്ദാദ ആറു മാസത്തെ റിസൾട്ട് നോക്കിയതിനു ശേഷം മാത്രമേ വരൂ, ഇല്ലെങ്കിൽ വരില്ല. ബാപ്ദാദ ഹാംജി എന്ന് പറഞ്ഞതു പോലെ കുട്ടികൾക്കും ഹാംജി എന്ന് പറയണമല്ലോ. എന്തു തന്നെ സംഭവിച്ചാലും ബാപ്ദാദ പറയുന്നു, സ്വപരിവർത്തനത്തിനായി പരിധിയുള്ള ഞാൻ എന്ന ഭാവത്തിൽ നിന്നും മരിക്കണം. ഞാൻ എന്ന ഭാവത്തിൽ നിന്നും മരിക്കണം, അല്ലാതെ ശരീരത്തിൽ നിന്നല്ല. ഞാൻ എന്ന ഭാവത്തിൽ നിന്നും മരിക്കണം. ഞാൻ ശരിയാണ്, എനിക്കെന്താ കുറവ്, ഞാൻ തന്നെയാണ് എല്ലാം.. ഈ ഞാൻ എന്ന ഭാവത്തിൽ നിന്നും മരിക്കണം. ഇതിൽ മരിക്കേണ്ടി വന്നാലും ഈ മൃത്യു വളരെ മധുരമാണ്. ഇത് മരണമല്ല, 21 ജന്മത്തേക്കുള്ള രാജ്യഭാഗ്യത്തിൽ ജീവിക്കുകയാണ്. അപ്പോൾ ഉറപ്പല്ലേ? ടീച്ചേഴ്സ് പറയൂ, ഡബിൾ വിദേശികൾ പറയൂ? ഡബിൾ വിദേശികളുടെ വിശേഷതയാണ് എന്ത് സങ്കല്പമാണോ വെക്കുന്നത്, അത് പൂർത്തീകരിക്കുന്നതിൽ ധൈര്യം വെക്കുന്നു. ഭാരതവാസികൾ ത്രിപ്പിൾ ധൈര്യമുള്ളവരാണ്. അവർ ഡബിൾ, ഇവർ ട്രിപ്പിൾ. ബാപ്ദാദ ഇതാണ് കാണാൻ ആഗ്രഹിക്കുന്നത്. മനസ്സിലായോ? ഇതാണ് ബാപ്ദാദയുടെ ശ്രേഷ്ഠ ആശാ ദീപം, ഓരോ കുട്ടികൾക്കുള്ളിലും ബാബ തെളിഞ്ഞ് കാണാൻ

ആഗ്രഹിക്കുന്നത്. ഇപ്രാവശ്യം ഇങ്ങനെയുള്ള ദീപാവലി ആഘോഷിക്കൂ. ആറു മാസത്തിനു ശേഷം ആഘോഷിച്ചാലും, ബാപ്ദാദ ദീപാവലിയുടെ പരിപാടി കാണുന്നു. പിന്നീട് തന്റെ പ്രോഗ്രാം നൽകാം. എല്ലാവരും ചെയ്തേ മതിയാകൂ. താങ്കൾ ചെയ്തില്ലെങ്കിൽ പിറകിലുള്ളവർ ചെയ്യില്ലല്ലോ. മാല താങ്കളുടേതല്ലേ. 16108 മാലയിൽ വരേണ്ടതും താങ്കൾ പഴയവരല്ലേ. പുതിയവർ പിന്നീടാണ് വരിക. ചിലർ മാത്രം അവസാനം വന്ന് ഫാസ്റ്റിൽ മുന്നേറുന്നു. ചിലർ ഇങ്ങനെയുള്ള ഉദാഹരണമാകുന്നു, അവസാനം വന്ന് ഫാസ്ററിൽ പോയി ഫസ്റ്റിലെത്തുവാൻ. എന്നാൽ കുറച്ചു പേർ മാത്രമാണുള്ളത്. ബാക്കിയുള്ളത് താങ്കളാണ്, താങ്കളാണ് ഓരോ കല്പവും ചെയ്ത്, താങ്കൾക്കു തന്നെ ആയിത്തീരണം. എവിടെ ഇരുന്നാലും വിദേശത്തിരുന്നാലും ദേശത്തിരുന്നാലും ആരെല്ലാമാണോ വളരെക്കാലത്തെ പക്കാ നിശ്ചയബുദ്ധികളായ കുട്ടികൾ, അവർ അധികാരികൾ തന്നെയാണ്. ബാപ്ദാദയ്ക്കും സ്നേഹമില്ലേ.. ആരാണോ വളരെ കാലത്തെ നല്ല പുരുഷാർത്ഥികളായ കുട്ടികൾ, സമ്പൂർണ്ണ പുരുഷാർത്ഥികളല്ല, നല്ല പുരുഷാർത്ഥികൾ അവരെയൊന്നും ബാപ്ദാദ ഇവിടെ ഉപേക്ഷിച്ചിട്ട് പോവില്ല. കൂടെക്കൊണ്ട് പോവുക തന്നെ ചെയ്യും. അതിനാൽ പക്കാ നിശ്ചയം വെക്കൂ, നമ്മൾ തന്നെയായിരുന്നു, നമ്മൾ തന്നെയാണ്, ഇനിയും നമ്മൾ തന്നെ കൂടെയുണ്ടാകും. ശരിയല്ലേ. പക്കാ അല്ലേ? കേവലം ശുഭചിന്തകനാകുക, ശുഭചിന്തനം വെക്കുക, ശുഭഭാവന, പരിവർത്തനത്തിന്റെ ഭാവന, സഹയോഗം നൽകുന്നതിന്റെ ഭാവന, ദയാമനസ്സിന്റെ ഭാവന എമർജ്ജ് ചെയ്യൂ. ഇപ്പോൾ ഇതെല്ലാം തന്നെ ഗുപ്തമാക്കി വെച്ചിരിക്കുകയാണ്. അതിനെ പ്രത്യക്ഷമാക്കൂ. ഒരുപാട് ശിക്ഷണം നൽകരുത്, ക്ഷമിക്കൂ. പരസ്പരം ശിക്ഷണം നൽകുന്നതിൽ എല്ലാവരും സമർത്ഥരാണ്. എന്നാൽ ക്ഷമയോടൊപ്പം ശിക്ഷണം നൽകൂ. മുരളി കേൾപ്പിക്കുക, കോഴ്സ് എടുക്കുക, അങ്ങനെ എന്തെല്ലാം പരിപാടികളാണോ നടത്തുന്നത്, അതിലൂടെയെല്ലാം ശിക്ഷണങ്ങൾ നൽകണം, എന്നാൽ ക്ഷമയോടൊപ്പമുള്ള ശിക്ഷണമായിരിക്കണം. ശിക്ഷണം മാത്രം കൊടുക്കരുത്, ദയാമനസ്കരായി ശിക്ഷണം നൽകൂ. താങ്കളുടെ ദയയിലൂടെ മറ്റുള്ളവരുടെ ദുർബലതകൾ ക്ഷമിക്കപ്പെട്ടോളും. മനസ്സിലായോ. നല്ലത്. ഇപ്പോൾ ഒരു സെക്കന്റിൽ മനസ്സിന്റെ അധികാരിയായി മനസ്സിനെ എത്ര സമയം ആഗ്രഹിക്കുന്നുവോ അത്രയും സമയത്തേക്ക് ഏകാഗ്രമാക്കാൻ സാധിക്കുമോ? ചെയ്യാൻ സാധിക്കുമോ? ഇപ്പോൾ ഈ ആത്മീയ ഡ്രിൽ ചെയ്യൂ. തീർത്തും മനസ്സിന്റെ ഏകാഗ്രത ആവശ്യമാണ്. സങ്കല്പത്തിൽ പോലും ചഞ്ചലതയില്ല. അചഞ്ചലം. നല്ലത്.

നാനാവശത്തെയും സർവ്വ അവിനാശി അഖണ്ഡ ഖജനാക്കളുടെ അധികാരികൾ, സദാ സംഗമയുഗി ശ്രേഷ്ഠ ബന്ധനമുക്ത, ജീവന്മുക്ത സ്ഥിതിയിൽ സ്ഥിതി ചെയ്യുന്ന, സദാ ബാപ്ദാദയുടെ ആശകളെ സമ്പന്നമാക്കുന്ന, സദാ ഏകതയുടെയും ഏകാഗ്രതയുടെയും ശക്തി സമ്പന്നരായ മാസ്റ്റർ സർവ്വശക്തരായ ആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹസ്മരണകളും നമസ്കാരവും.

നാനാവശത്തെയും ദൂരെയിരിക്കുന്ന കുട്ടികൾക്ക്, ആരെല്ലാമാണോ സ്നേഹസ്മരണകൾ അയച്ചത്, എഴുത്തുകൾ അയച്ചത്, അവർക്കെല്ലാം ബാപ്ദാദ ഹൃദയത്തിൽ നിന്നുമുള്ള സ്നേഹം സഹിതം സ്നേഹസ്മരണകൾ നൽകുന്നു. അതിനോടൊപ്പം തന്നെ വളരെയധികം കുട്ടികൾ മധുബനിലുള്ള അനുഭവത്തിന്റെ എഴുത്ത് വളരെ നല്ല രീതിയിൽ അയച്ചിട്ടുണ്ട്, അവർക്കും വിശേഷ സ്നേഹസ്മരണയും നമസ്തെയും.

## വരദാനം – കഴിഞ്ഞുപോയതിനെക്കുറിച്ച് ചിന്തിക്കാതെ ഫുൾസ്റ്റോപ്പിടുന്ന തീവ്രപുരുഷാർത്ഥിയായി ഭവിയ്ക്കട്ടെ

ഇപ്പോൾ വരെ എന്തെല്ലാമാണോ സംഭവിച്ചത് അതിനെയെല്ലാം ഫുൾസ്റ്റോപ്പിടൂ, കഴിഞ്ഞുപോയതിനെക്കുറിച്ച് ചിന്തിക്കരുത് – ഇതാണ് തീവ്ര പുരുഷാർത്ഥം. അഥവാ ആരെങ്കിലും കഴിഞ്ഞതിനെക്കുറിച്ച് ചിന്തിക്കുകയാണെങ്കിൽ സമയം, ശക്തി, സങ്കല്പമെല്ലാം തന്നെ വ്യർത്ഥമായി പോകുന്നു. ഇപ്പോൾ വ്യർത്ഥമാക്കുവാനുള്ള സമയമല്ല. എന്തുകൊണ്ടെന്നാൽ സംഗമയുഗത്തിന്റെ രണ്ട് നിമിഷം അഥവാ രണ്ട് സെക്കന്റെങ്കിലും വ്യർത്ഥമാക്കുകയാണെങ്കിൽ അനേക വർഷങ്ങൾ വ്യർത്ഥമാക്കിയതിനു സമാനമാണ്. അതിനാൽ സമയത്തിന്റെ മഹത്വത്തെ മനസ്സിലാക്കി കഴിഞ്ഞു പോയതിനെ ഫുൾസ്റ്റോപ്പിടൂ. ഫുൾ സ്റ്റോപ്പിടുക അർത്ഥം സർവ്വഖജനാക്കളാലും (ഫുൾ) സമ്പന്നമാവുകയാണ്.

## സ്ലോഗൻ – എപ്പോഴാണോ ഓരോ സങ്കല്പങ്ങളും ശ്രേഷ്ഠമാകുന്നത് അപ്പോഴാണ് സ്വയത്തിന്റെയും വിശ്വത്തിന്റെയും മംഗളമുണ്ടാകുന്നത്.

**അവ്യക്ത സൂചന - സത്യതയുടെയും സഭ്യതയുടെയും സംസ്കാരത്തെ സ്വീകരിക്കൂ**

ജ്ഞാനത്തിന്റെ ഏതൊരു കാര്യമാണെങ്കിലും ആധികാരികതയോടൊപ്പം, സത്യതയോടെയും സഭ്യതയോടെയും പറയൂ, സങ്കോചത്തോടെയല്ല (സംശയം). പ്രത്യക്ഷതയ്ക്കായി ആദ്യം സ്വയത്തെ പ്രത്യക്ഷപ്പെടുത്തൂ. പ്രത്യക്ഷമാക്കൂ, നിർഭയരാകൂ. പ്രഭാഷണത്തിൽ വാക്കുകൾ കുറവായിരിക്കണം എന്നാൽ ശക്തിശാലിയായിരിക്കണം, ഇതിൽ ബാബയുടെ പരിചയവും സ്നേഹവും അടങ്ങിയിരിക്കണം. സ്നേഹമാകുന്ന കാന്തം ആത്മാക്കളെ പരമാത്മാവിലേക്ക് ആകർഷിക്കട്ടെ.